**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 673** **28-01-2026 - ൽ മറുപടിയ്ക്ക്**

**കയർവ്യവസായ മേഖലയിൽ തൊഴിൽ ദിനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കയർ മേഖലയിൽ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | **(എ)** കയർ മേഖലയിൽ വിപണിക്കാവശ്യമായ മൂല്യ വർധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനായി, തൊഴിലാളികൾക്ക് പല ബാച്ചുകളിലായി പരിശീലനം നൽകുകയുണ്ടായി. 300 സ്ത്രീ തൊഴിലാളികൾക്ക് സ്റ്റൈപ്പെന്റോട് കൂടി ഇ-റാട്ട്, ഓട്ടോമാറ്റിക് സ്പിന്നിങ് മെഷീൻ (ASM), ഫ്രെയിം മാറ്റ് എന്നിവയിലുള്ള പരിശീലനം നൽകി. കയർ ഭൂവസ്ത്രത്തിന്റെ വിപണന സാധ്യത വിപുലപ്പെടുത്തുന്നതിന് MGNREGS പദ്ധതിയുമായി ചേർന്ന് പ്രവർത്തിക്കുന്നത് തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടാനുള്ള സാധ്യത നൽകുന്നു.<br><br>ഓരോ പ്രോജക്ടിലും ഒരു ഡിഫൈബറിങ് (DF) യൂണിറ്റ് വീതം തെരഞ്ഞെടുത്ത് നവീകരണം നടത്തി ഗുണമേന്മയുള്ള ചകിരി ഉല്പാദിപ്പിക്കുന്നതിന് പൈലറ്റ് പ്രോജക്ട് നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നവീന ഡിസൈനുകളിൽ ഉള്ളതും വിപണിമൂല്യം ഉള്ളതുമായ ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനായി പ്രത്യേക പരിശീലന പരിപാടി കയർ കോർപ്പറേഷൻ നടപ്പിലാക്കി വരുന്നു.<br><br>കയർ ഭൂവസ്ത്രത്തിന്റെ വ്യാപകമായ ഉപയോഗം ചകിരി ഉൽപ്പാദന മേഖല, കയർപിരി മേഖല, ഉൽപ്പാദന മേഖല എന്നിവയിലാകെ നിരവധി തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.<br><br>കേരളത്തിലെ പ്രവർത്തനക്ഷമമായ സംഘങ്ങൾക്ക് അടുത്ത 2 വർഷം സാമ്പത്തിക സങ്കേതിക സഹായങ്ങൾ നൽകി ലാഭകരമാക്കി മാറ്റുന്നതിനും അർഹത അനുസരിച്ചുള്ള പ്രവർത്തന മൂലധനം നൽകി കൂടുതൽ തൊഴിലും തൊഴിൽദിനങ്ങളും സൃഷ്ടിക്കുന്നതിനും 15 കോടി രൂപയുടെ പദ്ധതിക്ക് |

| | | | |
|---|---|---|---|
| | | | സ.ഉ(സാധാ) നമ്പർ 700/2024/വ്യവ തീയതി 06/08/2024 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>ഉല്പന്ന വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി മാർക്കറ്റ് ഡിമാന്റുള്ള കയറുല്പന്നങ്ങൾ ഡിസൈൻ ചെയ്ത് നിർമ്മിക്കുന്നതിന് പരമ്പരാഗത തൊഴിലാളികൾക്ക് കയർ കോർപ്പറേഷൻ പരിശീലനം നൽകിവരുന്നു.<br><br>തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സംഘങ്ങൾക്ക് കയർ, കയർ ഉത്പന്ന വില യഥാസമയം ലഭിക്കുന്നതിനായി റിവോൾവിങ് ഫണ്ട് പദ്ധതിയും കയർ ഉല്പാദനത്തിനുള്ള ചകിരി തുടർച്ചയായി ലഭ്യമാക്കുന്നതിനുള്ള മെറ്റീരിയൽ ബാങ്ക് പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. |
| (ബി) | കയർ വ്യവസായം സംരക്ഷിക്കുന്നതിന് പ്രസ്തുത മേഖലയിൽ ഈ നൽകുന്ന സാമ്പത്തിക സഹായം എത്രയെന്ന് വിശദമാക്കാമോ? | (ബി) | **(ബി)** ഈ സാമ്പത്തിക വർഷം കയർ മേഖലയ്ക്കായി 107.64 കോടി രൂപയുടെ സാമ്പത്തിക സഹായം ബഡ്ജറ്റ് വിഹിതത്തിൽ ലഭ്യമായിട്ടുണ്ട്. ആയതിന്റെ വിശദ വിവരങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| നം | പദ്ധതികൾ | ബജറ്റ് വിഹിതം |
|---|---|---|
| 1 | വിപണനം, പരസ്യ പ്രചാരണ വ്യാപാര പ്രവർത്തനങ്ങൾ, എക്സിബിഷനുകൾ മുതലായവയും, ഷോറൂമുകൾ സ്ഥാപിക്കുന്നതിനുമുള്ള ധനസഹായം | 3,50,00,000 |
| 2 | കയറും, കയറുല്പന്നങ്ങൾക്കുമുള്ള വിപണി വികസന സഹായം (50%) (സംസ്ഥാന വിഹിതം) | 10,00,00,000 |
| 3 | കയർ ഭൂവസ്ത്ര വികസന പരിപാടി | 80,00,000 |
| 4 | കയർ സാങ്കേതിക വിദ്യയിൽ ഗവേഷണവും വികസനവും നടത്തുന്ന കേന്ദ്രങ്ങൾക്കുള്ള ധനസഹായം | 7,00,00,000 |
| 5 | കയർ വ്യവസായത്തിന്റെ യന്ത്രവത്ക്കരണവും, പശ്ചാത്തല വികസനവും. | 10,00,00,000 |
| 6 | പരിശീലനവും മാനേജ്മെന്റ് മെച്ചപ്പെടുത്തലും | 2,50,00,000 |
| 7 | ഉല്പാദനവും വിപണന പ്രചോദനവും | 9,00,00,000 |
| 8 | വില വ്യതിയാന സ്ഥിരതാ ഫണ്ട് | 38,00,00,000 |
| 9 | കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം | 15,00,000 |
| 10 | കയർ മേഖലയിലെ ക്ലസ്റ്റർ വികസന പരിപാടിയും, തൊണ്ട് ശേഖരണ പരിപാടിയും | 68,00,000 |
| 11 | കയർ വ്യവസായത്തിന്റെ പുനസംഘടന രണ്ടാം ഘട്ടം | 1,00,000 |
| 12 | കയർ പ്രോജക്ട് ഓഫീസുകളുടെ നവീകരണം | 50,00,000 |
| 13 | കയർ ഉല്പാദന സൊസൈറ്റികളുടെ പുനഃക്രമീകരണവും മാനേജീരിയൽ സബ്സിഡിയും | 13,50,00,000 |
| 14 | കയർ വ്യവസായത്തിലെ നിയന്ത്രിത യന്ത്രവത്ക്കരണം | 12,00,00,000 |
| | **TOTAL** | **107,64,00,000** |

സെക്ഷൻ ഓഫീസർ